## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1001

20.03.2012 ൽ മറുപടിക്ക്

## സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ; | എ) 287 ഒഴിവുകൾ നിലവിലുണ്ട് |
| ബി) ട്രേഡ്സ്മാൻ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേരെ നിയമിക്കുകയുണ്ടായി; എത്ര പേരെ അഡ്വൈസ് ചെയ്തതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്; | ബി) 2011-12 കാലയളവിൽ വിവിധ ട്രേഡുകളിൽ വിവിധ ജില്ലകളിലായി പി.എസ്.സി. 178 പേരെ അഡ്വൈസ് ചെയ്യുകയും അവർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) വകുപ്പിലെ മറ്റേതെങ്കിലും വിഭാഗത്തിന് പ്രമോഷൻ നൽകുന്നതിനായി എത്ര ട്രേഡ്സ്മാൻ തസ്തികകൾ ഒഴിച്ചിട്ടിട്ടുണ്ട്; ഇത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ? | സി) 17.3.1975 ലെ ജി.ഒ.(പി) നമ്പർ.45/75/ ഉവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ട്രേഡ്സ്മാൻ തസ്തികയിലേക്ക് നിയമനം നടത്തുന്നത്. ഇതു പ്രകാരം ഒന്നാമത്തെ നിയമന രീതി ഈ വകുപ്പിലെ തന്നെ യോഗ്യരായ ലാസ്റ്റ് ഗ്രേഡുകാരെ തസ്തികമാറ്റ നിയമനത്തിലൂടെ ട്രേഡ്സ്മാനായി നിയമിക്കുക എന്നുള്ളതാണ്. ഇങ്ങനെയുള്ളവരുടെ അഭാവത്തിൽ, ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുക എന്നുള്ളതാണ് രണ്ടാമത്തെ നിയമന രീതി. ഒന്നാമത്തെയും രണ്ടാമത്തെയും നിയമന രീതികൾ തമ്മിൽ അനുപാതം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും നിലവില്ലാത്തതിനാൽ തസ്തികമാറ്റ നിയമനം നടത്തിയതിനു ശേഷം ബാക്കിയുള്ളവ പി.എസ്.സി.യെ അറിയിക്കുകയാണ് ചെയ്യുന്നത്. |

Priya Kumari

സെക്ഷൻഓഫീസർ